# Malayala Manorama
# 29 August 2018
# Kuttanad, After Flood, Cleaning



കുട്ടനാട് മഹാശുചീകരണ യജ്ഞത്തിൽ പങ്കെടുക്കാനായി വിവിധ സ്ഥലങ്ങളിൽ നിന്നെത്തിയ സന്നദ്ധപ്രവർത്തകർ ആലപ്പുഴയിൽ നിന്നുള്ള ബാർജിൽ കയറി കാവാലത്ത് എത്തിയപ്പോൾ.

## ദുരിതം കഴുകിയിറക്കാൻ കൈകോർത്ത് നാട്: കുട്ടനാട്ടിൽ മഹാശുചീകരണത്തിനു തുടക്കം

**മനോരമ ലേഖകൻ**

കുട്ടനാട് ● അതിജീവനത്തിന്റെ പുതിയ പാഠങ്ങളുമായി കുട്ടനാട്ടിലെ മഹാശുചീകരണ യജ്ഞത്തിനു തുടക്കം. മന്ത്രിമാർ മുതൽ സാധാരണക്കാരൻ വരെ കൈകോർത്തപ്പോൾ നാട് രചിച്ചതു കൂട്ടായ്മയുടെ പുതുചരിത്രം. കാൽലക്ഷത്തിലധികം പേർ ശുചീകരണ പ്രക്രിയയിൽ പങ്കാളികളായി.

ആദ്യപരിഗണന നൽകിയത് ആശുപത്രികൾ, ഹാളുകൾ, ഓഡിറ്റോറിയം, സ്കൂളുകൾ തുടങ്ങിയവയ്ക്കാണ്. വീടുകൾക്കു ബലക്ഷയം സംഭവിച്ചവരെ വരും ദിവസങ്ങളിൽ ഇവിടേക്കു മാറ്റാനാണു പദ്ധതി. ഉടമസ്ഥർ എത്തിയ വീടുകളും സന്നദ്ധപ്രവർത്തകർ ശുചീകരിച്ചു.

നാലു ദിവസം മുൻപു തീരുമാനിച്ച പദ്ധതിയുടെ ഭാഗമാകാൻ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നു സന്നദ്ധപ്രവർത്തകരെത്തി. വിദഗ്ധ തൊഴിലുകളറിയുന്നവരുടെ സേവനം ലഭ്യമാക്കാനായി തുടങ്ങിയ വെബ്പോർട്ടലിൽ റജിസ്റ്റർ ചെയ്തത് 2300 പേരാണ്. ഇവരോടൊപ്പം ക്യാംപ് അംഗങ്ങളും സന്നദ്ധപ്രവർത്തകർ, വിവിധ സന്നദ്ധ സംഘടനകൾ, രാഷ്ട്രീയ പാർട്ടികൾ തുടങ്ങിയവയും പങ്കെടുത്തു. ഇവർക്കു സുരക്ഷയൊരുക്കാനായി ടൂറിസം വകുപ്പിന്റെ 33 ലൈഫ് ഗാർഡുകളുമെത്തി.

വൊളന്റിയർമാർക്ക് എത്തിച്ചേരാൻ 80 മോട്ടോർ ബോട്ടുകളും, 40 ശിക്കാരകളും, 20 വള്ളങ്ങളും നാലു ജങ്കാറുകളുമുപയോഗിച്ചു. ജലഗതാഗത വകുപ്പിന്റെ ബോട്ടുകൾ പ്രത്യേക സർവീസ് നടത്തി. മറ്റു സ്ഥലങ്ങളിൽ നിന്നെത്തിയവർക്ക് ഇന്നലെ വഞ്ചിവീടുകളിൽ താമസസൗകര്യമൊരുക്കി. ഡീസൽ ലഭിക്കുന്നില്ലെന്നു പറഞ്ഞു സ്വകാര്യ ബോട്ടുടമകൾ ചെറിയതോതിൽ തർക്കമുണ്ടാക്കിയെങ്കിലും അധികൃതർ പരിഹരിച്ചു.

ക്യാംപുകളിൽ കഴിയുന്ന കൂടുതൽ ആളുകൾ നാളെ ശുചീകരണ യജ്ഞത്തിൽ പങ്കെടുക്കുമെന്നാണു പ്രതീക്ഷ. എൻജിനീയറിങ് വൈദഗ്ധ്യമുള്ളവർ എല്ലാ പഞ്ചായത്തുകളിലെയും വീടുകളുടെ നിലവിലെ അവസ്ഥ പരിശോധിക്കുന്നുണ്ട്.

ഇതിന്റെ അടിസ്ഥാനത്തിലായിരിക്കും വരുംദിവസങ്ങളിൽ നഷ്ടപരിഹാരത്തുക ഉൾപ്പെടെയുള്ള കാര്യങ്ങളിൽ തീരുമാനമെടുക്കുക.

കൃഷിവകുപ്പിന്റെ കീഴിൽ എൻജിനീയർമാർ കുറവായിരുന്നതിനാൽ ഇറിഗേഷൻ വകുപ്പിന്റെ എൻജിനീയർമാരും ചേർന്നാണു മടവീഴ്ചയുടെ നഷ്ടങ്ങൾ കണക്കാക്കിയത്.

### പൂർത്തിയാക്കാനേറെ

- കൃഷി വകുപ്പും ഇറിഗേഷൻ വകുപ്പും കണക്കെടുക്കുന്നത് 80 മടവീഴ്ചകളുടെയും 350 കരകവിഞ്ഞൊഴുകിയ പാടങ്ങളുടെയും
- ജില്ലയിൽ ഇപ്പോഴും വെള്ളത്തിനടിയിൽ 98 സ്കൂളുകൾ. ഇവിടെ പഠനം പുനരാരംഭിക്കുക കർശന ഫിറ്റ്നസ് പരിശോധനയ്ക്കു ശേഷം മാത്രം
- കുട്ടനാട് താലൂക്കിൽ 10,000ലേറെ വീടുകൾ വാസയോഗ്യമല്ലെന്നു സൂചന, പൂർണമായും തകർന്നത് 200 വീടുകൾ
- കൈനകരി, പുളിങ്കുന്ന്, നെടുമുടി, ചമ്പക്കുളം, രാമങ്കരി, വെളിയനാട് എന്നീ മേഖലകളിൽ വെള്ളക്കെട്ടിന്റെ പ്രശ്നങ്ങൾ തുടരുന്നു.